**പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

**BCDIR/B2/259/2020** തീയതി :03/11/2020

## ഓവർസീസ് സ്കോളർഷിപ്പ് 2020-21

## വിജ്ഞാപനം

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിങ്/ പ്യൂവർസയൻസ്/അഗ്രികൾച്ചർ/സോഷ്യൽ സയൻസ്/നിയമം/മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ (PG/Ph.D കോഴ്സുകൾക്ക് മാത്രം) ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഓവർസീസ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറത്തിന്റെ മാതൃകയും യോഗ്യതാ മാനദണ്ഡങ്ങളും ഉൾപ്പെടുന്ന വിജ്ഞാപനവും www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. അപേക്ഷകൻ/അപേക്ഷക കേരളീയനായിരിക്കണം.
2. അപേക്ഷകൻ/അപേക്ഷക കേരള സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
3. 60% മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. ബിരുദം നേടിയിട്ടുള്ള വിഷയത്തിന്മേലോ ആയതുമായി ബന്ധപ്പെട്ട വിഷയത്തിലോ ഉപരിപഠനം നടത്തുന്നവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുണ്ടാകൂ.
4. ബിരുദം പൂർത്തീകരിച്ചതിന്റെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ഹാജരാക്കേണ്ടതാണ്. (ബിരുദത്തിന് കരസ്ഥമാക്കിയ മാർക്കിന്റെ ശതമാനം കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്)
5. അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായം വിജ്ഞാപന തീയതി അടിസ്ഥാനമാക്കി 40 വയസ്സിൽ താഴെയായിരിക്കണം.
6. അപേക്ഷകൻ/അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.
7. ഒരേ രക്ഷാകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.
8. മുൻ വർഷങ്ങളിൽ അപേക്ഷകനോ, അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിലുള്ള മറ്റ് സഹോദരങ്ങൾക്കോ ടി സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിൽ അപേക്ഷിക്കേണ്ടതില്ല.
9. അപേക്ഷകർ സ്വന്തം ഉത്തരവാദിത്വത്തിൽ യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ

നേടേണ്ടതാണ്.

10. ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിങ്ങ് പ്രകാരമുള്ള ആദ്യ 600 യൂണിവേഴ്സിറ്റികളിൽ (യൂണിവേഴ്സിറ്റികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു ) അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
11. തെരഞ്ഞെടുക്കപ്പെടുന്നവരിൽ ആദ്യ 200 ൽ ഉൾപ്പെട്ട യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന/ജീവിത ചെലവ് അടിസ്ഥാനമാക്കി പരമാവധി 10 ലക്ഷം രൂപയും 201 മുതൽ 600 വരെയുള്ള യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന/ജീവിത ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ എന്ന അർഹതയ്ക്ക് വിധേയമായി അനുവദിക്കുന്നതാണ്.
12. സ്കോളർഷിപ്പിന് തെരഞ്ഞെടുത്തതിന് ശേഷം കോഴ്സോ പഠന കേന്ദ്രമോ മാറാൻ പാടില്ല.
13. സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർ അത് അറിയിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭ്യമാകുന്ന തീയതി മുതൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ നേടി പഠനം ആരംഭിച്ചിരിക്കണം. അല്ലാത്ത പക്ഷം സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യുന്നതാണ്. പിന്നീട് അതുമായി ബന്ധപ്പെട്ട് യാതൊരുവിധ അപേക്ഷകളും പരിഗണിക്കുന്നതല്ല.
14. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പദ്ധതിയുമായി ബന്ധപ്പെട്ട നിയമാവലിക്കനുസൃതമായി കോഴ്സ് പൂർത്തീകരിച്ച്കൊള്ളാമെന്നും അല്ലാത്ത പക്ഷം മുഴുവൻ സ്കോളർഷിപ്പ് തുകയും സർക്കാർ ചട്ട പ്രകാരം തിരിച്ചടച്ചു കൊള്ളാമെന്നുമുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.
15. കോഴ്സുമായി ബന്ധപ്പെട്ട് പ്രവേശനം ലഭിക്കുന്ന യൂണിവേഴ്സിറ്റിയിൽ നിന്നോ മറ്റ് സർക്കാർ/അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്കോളർഷിപ്പോ മറ്റ് തരത്തിലുള്ള ധനസഹായമോ ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്കോളർഷിപ്പ്/ ധനസഹായം ലഭിക്കുന്നവർ വകുപ്പ് നടത്തുന്ന പരിശോധനയിൽ അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം അർഹമായ തുക മാത്രമേ ഈ വകുപ്പിൽ നിന്ന് സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.
16. കോഴ്സ്ഫീ, മെയിന്റനൻസ് ഫീ ഇനങ്ങളിൽ മറ്റെന്തെങ്കിലും ആനുകൂല്യം അപേക്ഷകന് ലഭ്യമാകുന്നുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.
17. അർഹരായ അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമായ ഫണ്ടിന് ആനുപാതികമായ എണ്ണത്തിലും അധികരിക്കുന്നുവെങ്കിൽ കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് എണ്ണം പരിമിതപ്പെടുത്തുന്നതാണ്.
18. സ്കോളർഷിപ്പ് അനുവദിക്കുന്നതിനായുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ (സെലക്ഷൻ കമ്മിറ്റി) തീരുമാനം അന്തിമമായിരിക്കും.
19. <u>പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും നൂല് ഉപയോഗിച്ച് തുന്നിക്കെട്ടി 32 cm X 25 cm വലുപ്പത്തിലുള്ള കവറിൽ 2020 നവംബർ 30 നകം</u> ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ-നാലാം നില, കനക നഗർ, വെള്ളയമ്പലം,

തിരുവനന്തപുരം-3 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകളൊന്നും തന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ,

(ഒപ്പ്)
P.J. SREEVIDYA IAS
DIRECTOR

പകർപ്പ്

1.ഗവ. പ്രിൻസിപ്പൽ സെക്രട്ടറി,പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(ഉപരിപത്രം സഹിതം)
3.ഐ.ടി ഡിവിഷൻ കോ-ഓർഡിനേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4.ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ-എറണാകുളം/കോഴിക്കോട്
5.നോട്ടീസ് ബോർഡ്, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ്
6.കരുതൽ/അധികം.

അംഗീകാരത്തോടെ

സൂപ്രണ്ട്